**രക്തദാനം മഹാദാനം** - ഈ കുട്ടികൾക്ക് ചികിത്സക്കിടയിൽ നിരന്തരം രക്തഘടകങ്ങൾ വേണ്ടിവരും. രക്തദാനത്തിനു തയ്യാറാവുന്നതിലൂടെ ഇവരുടെയും ഇവരുടെ മാതാപിതാക്കളുടെയും ബുദ്ധിമുട്ടുകൾ കുറയ്ക്കാൻ സാധിക്കും.

സർക്കാർ വഴി ചികിത്സയ്ക്കുള്ള ധനസഹായം ലഭിക്കുന്നുണ്ടെങ്കിലും പല കുട്ടികളുടെയും മാതാപിതാക്കൾക്ക് വരുമാന സ്രോതസ്സുകൾ നിലച്ചു പോകുന്നതിനാൽ, ദൈനംദിന ചെലവുകൾക്ക് **ഇവരെ സാമ്പത്തികമായി നിങ്ങൾക്ക് സഹായിക്കാവുന്നതാണ്**.

## മുകുളം ചൈൽഡ് കാൻസർ കെയർ ഫണ്ട്

കാൻസർ ബാധിതരായ കുട്ടികളുടെ പരിചരണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള മലബാർ കാൻസർ സെന്ററിന്റെ സംരംഭമാണിത്. മെച്ചപ്പെട്ട വൈദ്യചികിത്സ, വൈകാരികവും മാനസികവുമായ പിന്തുണ, കുട്ടികളുടെയും കുടുംബത്തിന്റെയും മൊത്തത്തിലുള്ള ക്ഷേമം എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിനാണ് ഈ ഫണ്ട് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഓരോ കുട്ടിക്കും സാധ്യമായ ഏറ്റവും മികച്ച പരിചരണവും ചികിത്സാ ഓപ്ഷനുകളും ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുക എന്നതാണ് പ്രാഥമിക ലക്ഷ്യം.

കൂടുതൽ വിവരങ്ങൾക്കും നിങ്ങളുടെ സഹായം നൽകുന്നതിനും താഴെപറയുന്ന വെബ്സൈറ്റ് സന്ദർശിക്കുക.

https://www.mcc.kerala.gov.in/mukulam

**കൂടുതൽ വിവരങ്ങൾക്കായി വിളിക്കാം:**

**7902444420**

**പീഡിയാട്രിക് സോഷ്യൽ വർക്കർ, എം.സി.സി.**

SCAN HERE FOR
**SUPPORTING US**

# Mukulam

**മുകുളം ഫാമിലി സപ്പോർട്ട് ഗ്രൂപ്പ്**



### Supporting Organizations

HOPE Child Cancer Care Foundation

Dreams Foundation

Indian Academy of Pediatrics

CUDDLES Foundation

National Society for Change for Childhood Cancer in India

Debut/tly 9037759567



# കാൻസർ ചികിത്സ എന്റെ അവകാശം

**15 ഫെബ്രുവരി 2025**

## അന്താരാഷ്ട്ര ബാല്യകാല അർബുദ ദിനം

ICCD International Childhood Cancer Day

Equal Access to care:
**Inspiring Action**

## മലബാർ കാൻസർ സെന്റർ

പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച്
(കേരള സർക്കാർ കീഴിലുള്ള സ്വയം ഭരണ സ്ഥാപനം)

കുട്ടികളിൽ കാൻസർ ഒരു സാധാരണ രോഗ മല്ലെങ്കിലും ഇത് **അപൂർവമല്ല**.

മുതിർന്നവരെ അപേക്ഷിച്ചു വളരെയേറെ **വ്യത്യസ്തമായ കാൻസർ** രോഗങ്ങളാണ് കുട്ടി കളിൽ കുട്ടികളിൽ കണ്ടുവരുന്നത്. ശരീരത്തിന്റെ പല ഭാഗങ്ങളിലായി കുട്ടികൾക്ക് ഈ അസുഖം വരാം. **രക്തത്തിലെയും തലച്ചോറിന്റെയും കാൻസറാണ്** കുട്ടികളിൽ കൂടുതലായി കാണ പ്പെടുന്നത്.

**എന്തുകൊണ്ടാണ്** കാൻസർ കുട്ടികളിൽ വരുന്ന തെന്ന് ഇപ്പോഴും കണ്ടുപിടിക്കപ്പെട്ടിട്ടില്ല. ഇവയിൽ അഞ്ചു ശതമാനത്തോളം മാത്രമേ പാരമ്പര്യ മായി വരുന്നവയുള്ളൂ. കുട്ടികളിലെ കാൻസർ, വളരെയേറെ ചികിത്സയോട് പ്രതികരിക്കുന്നതും **പൂർണ്ണമായി ചികിത്സിച്ചു ഭേദമാക്കാവുന്നതു മാണ്**.

അസുഖത്തെ അതിജീവിച്ചാൽ ഇവർക്ക് സാധാരണ **ജീവിതം** നയിക്കാം.

**അശാസ്ത്രീയ ചികിത്സാരീതികൾ** നൽകി ചികിത്സ വൈകുകയോ മുടക്കുകയോ ചെയ്യുന്നത് ഈ കുട്ടികളോട് നമ്മൾ ചെയ്യുന്ന അനീതിയാണ്.

## മലബാർ കാൻസർ സെന്ററിൽ (എം.സി.സി) കുട്ടികളുടെ കാൻസറിനായി ലഭ്യമായ സേവനങ്ങൾ

**ചികിത്സയ്ക്കായി Multidisciplinary team**

- പീഡിയാട്രിക് ഓങ്കോളജിസ്റ്റ്
- സർജിക്കൽ ഓങ്കോളജിസ്റ്റ്
- റേഡിയേഷൻ ഓങ്കോളജിസ്റ്റ്
- ട്രാൻസ്പ്ലാന്റ് ഫിസിഷ്യൻ
- പീഡിയാട്രിക് ഓങ്കോ നഴ്സിംഗ്
- പീഡിയാട്രിക് സോഷ്യൽ വർക്കർ
- പീഡിയാട്രിക് ഡയറ്റീഷ്യൻ
- പീഡിയാട്രിക് സൈക്കോളജിസ്റ്റ്
- ഫിസിയോ തെറാപ്പിസ്റ്റ്

കുട്ടികളുടെ **മജ്ജ മാറ്റിവയ്ക്കൽ ചികിത്സയും, അത്യാധുനിക ലാബ് സൗകര്യങ്ങളും** ഇവിടെ ലഭ്യമാണ്.

കേരളത്തിൽ ആദ്യമായി കുട്ടികളുടെ കണ്ണിൽ വരുന്ന **കാൻസറിന് നൂതനവും സമഗ്രവുമായ ചികിത്സാ സൗകര്യങ്ങൾ സൗജന്യമായി** ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്.

കുട്ടികൾക്ക് വേണ്ടിയുള്ള **പാർക്കും, സിനിമ തീയേറ്ററും, പ്ലേ സ്റ്റേഷനുകളും, ലൈബ്രറിയും** കൂടാതെ തീർത്തും ശിശു സൗഹാർദ്ദപരമായ അന്തരീക്ഷം ഹോസ്പിറ്റലിൽ സൃഷ്ടിച്ചിട്ടുണ്ട്.

## NGOs വഴിയുള്ള സഹായങ്ങൾ

ചികിത്സയെടുക്കുന്ന കുട്ടികൾക്കും മാതാപിതാ ക്കൾക്കുംവേണ്ടി ചികിത്സാ കാലയളവിൽ എം.സി.സിയ്ക്ക് പുറത്തു **സൗജന്യ താമസവും ഭക്ഷണവും**

**മാസത്തിലുള്ള റേഷൻ വിതരണം** :

കുട്ടികളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതി നായി ദിനവും സമീകൃത ആഹാരം കുട്ടിക്ക്റേഷൻ മുഖാന്തരം ലഭ്യമാക്കിവരുന്നു.

ചികിത്സയ്ക്കിടയിലും കുട്ടികളുടെ **പഠനം തുടരുവാൻ**വേണ്ട സൗകര്യങ്ങൾ. കൂടാതെ **ചിത്രകലാ-സംഗീത പരിശീലനവും** കുട്ടികൾക്ക് ലഭ്യമാക്കുന്നു.



## സർക്കാർ വഴി ലഭിക്കുന്ന ആനുകൂല്യങ്ങൾ

18 വയസ്സ്വരെയുള്ള കേരളത്തിലെ എല്ലാ കുട്ടി കൾക്കും **സൗജന്യചികിത്സ എംസിസിയിൽ വിവിധ സർക്കാർ സ്കീമുകളിലൂടെ ലഭ്യമാ ക്കുന്നു.**

**എം.സി.സിയിൽ ലഭ്യമായ സർക്കാർ ആനു കൂല്യങ്ങൾ**

- ആരോഗ്യകിരണം
- കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP )
- ജനനി ശിശു സുരക്ഷാ കാര്യക്രം (JSSK)
- ബാലസാന്ത്വനം
- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി
- പ്രധാനമന്ത്രിയുടെ ദേശിയ ദുരിതാശ്വാസ നിധി
- പട്ടികവർഗ വിഭാഗത്തിൽപെട്ടവർക്ക് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി.

## അവരെ നിങ്ങൾക്കും സഹായിക്കാനാകും

മുകളിൽ പറഞ്ഞിട്ടുള്ള **വിവരങ്ങൾ മറ്റുള്ള വരിലേക്ക് എത്തിക്കുക**. ഇത് ഈ അസുഖ ത്തെപ്പറ്റിയുള്ള തെറ്റിധാരണകൾ മാറ്റുകയും, ഈ കുട്ടികൾക്ക് വേണ്ട ചികിത്സ ലഭിക്കാൻ ലഭിക്കാൻ സഹായകരമാവുകയും ചെയ്യും.

**സാമൂഹ്യ മാധ്യമങ്ങളിലൂടെ ഇക്കാലത്തു അശാസ്ത്രീയ ചികിത്സകൾക്കു കിട്ടുന്ന പ്രാധാന്യം** വളരെയധികമാണ്. ഇത് കാൻസർ രോഗമുള്ള കുട്ടികളെയും ബാധിക്കുന്നുണ്ട്. തെറ്റിദ്ധാരണകൾ കാരണം ഇവരുടെ ചികിത്സ വൈകുകയോ, മുടങ്ങുകയോ ചെയ്യുന്നത് ഇവരുടെ ജീവനെയാണ് ബാധിക്കുന്നത്. ഇത്തരം അശാസ്ത്രീയ ചികിത്സകളെ പറ്റിയുള്ള സന്ദേശ ങ്ങൾ ബഹിഷ്കരിക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു.